നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമംമൂലം കെട്ടിടനിർമ്മാണത്തിൽ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി

146 (1616) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമംമൂലം കെട്ടിട നിർമ്മാണത്തിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ;

(സി) നിലവിലുള്ള നിയമംമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ തദ്ദേശസ്ഥാപനങ്ങളിൽ പ്രത്യേക സമിതികൾ രൂപീകരിച്ചുവോ ; ഈ സമിതികളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽനിന്നും ഇളവുകൾ പ്രഖ്യാപിച്ചിട്ടില്ല.

(സി&ഡി) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച്, നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വയ്ക്കുന്നതിനുവേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിനുവേണ്ടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എന്നാൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കുന്നതിന് മുൻപ് റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ കരഭൂമികളിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചതിനെത്തുടർന്ന് ചില നിബന്ധനകൾക്ക് വിധേയമായി 300 സ്കയർ മീറ്റർവരെ വലിപ്പമുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകാമെന്ന് നിർദ്ദേശിച്ചുകൊണ്ട് 31-7-2008-ലും 23-9-2008-ലും 22-1-2011-ലും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly